കൗൺസിലിംഗ്

Your favouritenewspaperat your fingertips
morning news daily
SUBSCRIBE, 9656571354



# പുലിവാലു പിടിക്കുന്നത് പുരുഷനോ അതോ സ്ത്രീയോ?



ഡോ. സൂസൻ കോരുത്
PhD,MSc,MSW,MBA
http://www.drsusankoruthu.com

36

**അമ്മയ്ക്കു വേണ്ടി ഭാര്യയെയും, ഭാര്യയ്ക്കുവെണ്ടി അമ്മയെയും തള്ളിപ്പറയുന്ന പുരുഷന്മാരെയും നാം കാണാറുണ്ട്. അത് പലപ്പോഴും തങ്ങളുടെ ജീവിതത്തിലെ പ്രധാന രണ്ടു സ്ത്രീകളെ കൈകാര്യം ചെയ്യുവാൻ അവനുള്ള കഴിവില്ലായ്മയെ ആണ് കാണിക്കുന്നത്**

www.morningnewsdaily.org

വിവാഹമെന്നത് രണ്ടു വ്യക്തികളുടെ കൂടിച്ചേരലിലൂടെ രണ്ടു കുടുംബങ്ങൾ ബന്ധുക്കളാകുന്ന മനോഹരമായ ഒരു ചടങ്ങാണ്. അതിലൂടെ ഒരു മനോഹരമായ കുടുംബം രൂപം കൊള്ളുന്നു. അപ്രകാരം സന്തോഷപ്രദമാകേണ്ട കുടുംബം പ്രശ്നഭരിതമാകുന്നത് അത്യന്തം ദൗഭാഗ്യകരമായ ഒന്നാണ്. അതിനുള്ള കാരണങ്ങൾ പലതാണ്. അവയിൽ പരസ്പരം അംഗീകരിക്കാത്ത വ്യക്തികളുടെ കൂടിച്ചേരലാണ് ഏറ്റവും വിഷമകരമായത്. വിവാഹം പരസ്പരം ചേരുന്ന വ്യക്തികളും കുടുംബങ്ങളും തമ്മിലായിരിക്കണം എന്നത് നാമെല്ലാം അംഗീകരിക്കുന്ന കാര്യമാണ്. എന്നാൽ പലപ്പോഴും കുടുംബങ്ങളിൽ വ്യക്തികളുടെ ചേർച്ചയില്ലായ്മ കാണുവാൻ സാധിക്കും. എല്ലാവരും ഒരുപോലെ ചിന്തിക്കുന്നവരാകില്ല അതുപോലെ ഒരുപോലെ കഴിവുള്ളവരും ആകില്ല. അതുകൊണ്ടു തന്നെ ഓരോരുത്തരെയും മനസ്സിലാക്കാനും, അവർക്കുതകുന്ന രീതിയിൽ പെരുമാറാനും നാമറിഞ്ഞിരിക്കണം. എങ്കിൽ മാത്രമേ വിജയകരമായ കുടുംബ ജീവിതം നയിക്കാൻ നാം പ്രാപ്തരാകൂ.

വിവാഹത്തിലൂടെ ഒരു പങ്കാളിയെ നാം സ്വന്തമാക്കുമ്പോൾ ആ വ്യക്തിയോടൊപ്പം അവരുടെ ബന്ധുക്കളും നമ്മുടെ ബന്ധുക്കളായി മാറുന്നു. എന്നാൽ പലപ്പോഴും ഇപ്രകാരമുള്ള ബന്ധുക്കളെ അംഗീകരിക്കാനോ, സ്നേഹിക്കാനോ, ബഹുമാനിക്കാനോ പലപ്പോഴും പുതിയ കുടുംബാംഗത്തിനു കഴിയാതെ വരുന്നത് കാണാറുണ്ട്. ഓരോ വ്യക്തികളും തമ്മിലുള്ള ബന്ധങ്ങൾ ക്രീയാത്മകമാകുമ്പോഴാണ് അവിടെ ഊഷ്മളമായ, ഫലപ്രദമായ പരസ്പര ബഹുമാനത്തിലും, വിശ്വാസത്തിലുമൂന്നിയ ബന്ധുത്വം സാധ്യമാകുന്നത്.

വ്യക്തികളുടെ സ്വഭാവവ്യത്യാസങ്ങൾ അവരുടെ പരസ്പര ബന്ധങ്ങളെ സാരമായി ബാധിക്കുന്നു. തങ്ങളുടെ അഭ്യസ്തവിദ്യയായ മരുമകൾ വീട്ടുകാര്യങ്ങൾ നോക്കി ഒതുങ്ങികൂടണം എന്ന് ശാഠ്യം പിടിക്കുന്ന മാതാപിതാക്കൾ ഇന്നും ധാരാളം കാണാൻ സാധിക്കും. അതുപോലെതന്നെ മരുമകൻ അവന്റെ മാതാപിതാക്കളെ അകറ്റി തങ്ങളുടെ മകളുടെ ഇഷ്ടങ്ങൾക്കു മുൻതൂക്കം കൊടുക്കണം എന്ന് ശഠിക്കുന്ന പെൺകുട്ടിയുടെ മാതാപിതാക്കളെയും നാം കാണാറുണ്ട്.

ഹോളി ബൈബിൾ പറയുന്നത് പുരുഷൻ തന്റെ മാതാപിതാക്കളെ വിട്ടു ഭാര്യയോട് ചേരുമെന്നാണെങ്കിലും മറിച്ചാണ് നമ്മുടെ നാട്ടുനടപ്പ്. സ്ത്രീ അവളുടെ മാതാപിതാക്കളെ വിട്ടു പുരുഷനോട് ചേരുന്നതാണ് നമ്മുടെ കലാകാലങ്ങളായുള്ള സമ്പ്രദായം. ഇന്നത് രണ്ടുപേരും ഒരേപോലെ രണ്ടു വീടിനെയും കരുതുന്നുണ്ടെങ്കിലും പുരുഷന്റെവീടിനാണ് പ്രാധാന്യം കൊടുത്തു കാണുന്നത്. പുരുഷൻ വിവാഹം കഴിക്കുന്നതിനു മുമ്പ് തൻറ്റെ അമ്മയോട് മാത്രമായിരുന്നിരിക്കണം ഒരു ഗാഢമായ ബന്ധം പുലർത്തിയിരുന്നത്. എന്നാൽ വിവാഹ ശേഷം ഭാര്യയോടും അത്രയുംതന്നെ ഗാഢമായ ബന്ധം സൂക്ഷിക്കാൻ കടപ്പെട്ടവനാണ്. ഇവിടെയാണ് പലപ്പോഴും പ്രശ്നം ഉടലെടുക്കാൻ സാധ്യതയുള്ളത്.

പരസ്പരം മനസ്സിലാക്കുകയും തങ്ങളുടെ സ്ഥാനം കൃത്യമായി അറിയുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്ന അമ്മായിയമ്മയും മരുമകളും ആണെങ്കിൽ എല്ലാം ശുഭമായിത്തന്നെ നടക്കും. പുരുഷന് വലിയ തട്ടുകേടില്ലാതെ ജീവിക്കാൻ സാധിക്കും. എന്നാൽ പരസ്പരം മത്സരിക്കുകയും, കുറ്റം കണ്ടുപിടിക്കാൻ ഭൂതക്കണ്ണാടിയുമായി നടക്കുന്ന അമ്മായിയമ്മയും മരുമകളും പുരുഷന് തലവേദന തന്നെയാണ്. ആരുടെ പക്ഷമാണ് തൻ പിടിക്കേണ്ടത്. ഭാര്യയുടെ പക്ഷം ചേർന്നാൽ ഇന്നലെ വന്ന പെണ്ണിന് വേണ്ടി അമ്മയോട് എതിരിട്ട മകനെന്നാകും എന്നാൽ അമ്മയുടെ പക്ഷം പറഞ്ഞാൽ കെട്ടിയ പെണ്ണിനെ കഷ്ടപ്പെടുത്തുന്ന അമ്മയുടെ വാലിൽ തൂങ്ങുന്നവനെന്ന പേരും. അമ്മായിയമ്മയും മരുമകളും സമാധാനമായി കഴിയാത്ത പവനത്തിൽ പുലിവാല് പിടിക്കുന്നത് പുരുഷൻ തന്നെയായിരിക്കും. അതുകൊണ്ടു തന്നെ പലപ്പോഴും പുരുഷനാണ് തൻറ്റെ കുടുംബത്തിലെ സമാധാന അന്തരീക്ഷം കാത്തു സൂക്ഷിക്കാൻ പെടാപാട് പെടുന്നവൻ.

വിവാഹശേഷം സ്ത്രീ തൻറ്റെ മാതാപിതാക്കളെ ഉപേക്ഷിച്ചാൽ അവളെ ആരും കുറ്റം പറയില്ല എന്നാൽ വിവാഹ ശേഷം ഒരു പുരുഷൻ തന്റെ മാതാപിതാക്കളെ ഉപേക്ഷിച്ചാൽ അവൻ ഏറ്റവും മോശക്കാരനായി കണക്കാക്കപ്പെടും. എന്താഘോഷം വന്നാലും കോഴിക്ക് കിടക്കപ്പൊറുതിയില്ല എന്ന് പറയുമ്പോലെയാണ് പുരുഷന്റെകാര്യം. രണ്ടു പെണ്ണുങ്ങളുടെ ഉടമസ്ഥാവകാശ വടംവലിയിൽ വലയുന്ന പല പുരുഷന്മാരെയും നമ്മുക്ക് ചുറ്റും കാണാൻ സാധിക്കും. അമ്മയെയും ഭാര്യയെയും ഒരുപോലെ തൃപ്തിപ്പെടുത്തി ജീവിക്കുകയെന്നത് പലർക്കും ബാലികേറാ മലപോലെ ദുഷ്കരമാണ്. അത് മനസ്സിലാക്കുന്ന ഒരു ഭാര്യയെയോ, അമ്മയെയോ കിട്ടുന്ന പുരുഷനാണ് മനഃസമാധാനത്തോടെ ജീവിക്കാൻ കഴിയുക.

അമ്മയ്ക്കു വേണ്ടി ഭാര്യയെയും, ഭാര്യയ്ക്കുവെണ്ടി അമ്മയെയും തള്ളിപ്പറയുന്ന പുരുഷന്മാരെയും നാം കാണാറുണ്ട്. അത് പലപ്പോഴും തങ്ങളുടെ ജീവിതത്തിലെ പ്രധാന രണ്ടു സ്ത്രീകളെ കൈകാര്യം ചെയ്യുവാൻ അവനുള്ള കഴിവില്ലായ്മയെ ആണ് കാണിക്കുന്നത്. ഇന്നത്തെ കാലഘട്ടത്തിൽ സ്ത്രീയും പുരുഷനും ഒരുപോലെ സ്വതന്ത്രരും, സ്വന്തമായി ജീവിക്കാൻ കഴിവുള്ളവരുമാണ്. അതുകൊണ്ടു തന്നെ രണ്ടു സ്വതന്ത്രരായ വ്യക്തികളെ തന്മയത്വമായി കൈകാര്യം ചെയ്യന്നതിനുള്ള വൈദഗ്ക്ത്യം നേടുകയെന്നത് ആവശ്യമായ കാര്യമാണ്. ഒരു പുരുഷനെ സംബന്ധിച്ചിടത്തോളം അമ്മ അവനെ ഒരു വ്യക്തിയായി തന്റെ ജീവിതത്തെ വാർത്തെടുക്കാൻ പ്രാപ്തയാക്കിയ സ്ത്രീ ആണ്. ഭാര്യയെന്നത് തൻറ്റെ തുണയായി നിന്ന് ജീവിതം കെട്ടിപ്പടുക്കാൻ സഹായിക്കുന്ന വ്യക്തിയും. ഇവരിൽ ഒരാളെ തിരസ്കരിച്ചു മറ്റെയാളെ സ്വീകരിക്കുകയെന്നത് വളരെ വേദനാജനകമായ ഒന്നാണ്. അതുകൊണ്ടു തന്നെ വ്യത്യസ്ത സ്വഭാവക്കാരായ ഒരുപോലെ പ്രാധാന്യമുള്ള രണ്ടു സ്ത്രീകളെ കൈകാര്യം ചെയ്യുന്ന പുരുഷൻറ്റെ കൈയിലാണ് ഒരു കുടുംബത്തിൻറ്റെ സമാധാനവും സന്തോഷവും എന്ന് പറഞ്ഞാൽ ഒട്ടും അതിശയോക്തി ആവുകയില്ല. www.morningnewsdaily.org

ഭാര്യയറിയാതെ തൻറ്റെ അമ്മയെ കാണാൻ പോകുന്ന മകനെയും. തൻറ്റെ അമ്മയറിയാതെ ഭാര്യക്ക് സമ്മാനം നൽകുന്ന ഭർത്താവിനെയും നമുക്ക് കാണുവാൻ സാധിക്കും. എന്നാൽ ഒരാളുടെ പിടിവാശിക്കുവേണ്ടി മറ്റെയാളെ വിഷമിപ്പിക്കുന്ന പുരുഷനെ ഒരിക്കലും അംഗീകരിക്കാനാവില്ല. അമ്പതുവയസ്സിലും അറുവതിലുമൊക്കെ വഴക്കുകളുമായി കഴിയുന്ന ചില ദമ്പതികളിൽ ഭാര്യമാർ പറയുന്ന കാര്യം സ്വന്തം അമ്മയെ സന്തോഷിപ്പിക്കാൻ വേണ്ടി തങ്ങളുടെ യൗവ്വനകാലത്ത് ഒരുമിച്ച് സന്തോഷത്തോടെയും സമാധാനത്തോടെയും ജീവിക്കാൻ തങ്ങളുടെ ഭർത്താവിന് ധൈര്യം ഉണ്ടായിരുന്നില്ല എന്നാണ്. പലപ്പോഴും അവർ ഒന്നിച്ചിരുന്നാൽ, ഉറക്കെ ചിരിച്ചാൽ ഉറക്കം പോകുന്ന നർസിസിസ്റ്റുകളായ അമ്മമാരേ തിരിച്ചറിയാതെ പോകുന്ന ഭർത്താക്കന്മാർക്ക് ഒരു നല്ല ദാമ്പത്യജീവിതം ഉണ്ടാവുകയില്ല. അതുപോലെ തന്നെ ഭർത്താക്കന്മാരെ മാതാപിതാക്കളിൽനിന്നും അകറ്റുന്ന നർസിസിസ്റ്റുകളായ ഭാര്യമാരെ തിരിച്ചറിയുകയും അവരെ കൈകാര്യം ചെയ്യുവാൻ വൈദഗ്ക്ത്യം ഇല്ലാത്തവരുമായ പുരുഷന്മാർ ജീവിതത്തിൽ ഒറ്റപ്പെട്ടു പോകുന്നതും കാണാറുണ്ട്.

ഐശ്വര്യമുള്ള വാത്സല്യമതികളായ അമ്മമാരും, സ്നേഹവും, കരുതലുമുള്ള ഭാര്യമാരുമൊക്കെയാണ് എല്ലാവരുടെയും സ്വപ്നം എന്നാൽ അങ്ങിനെ കിട്ടുന്നത് ചുരുക്കം ചിലർക്ക് മാത്രമായിരിക്കും. ജീവിതം ജീവിക്കാനുള്ളതാണ് അത് മത്സരിച്ചും, വെറുത്തും, അസൂയപ്പെട്ടും, വേദനിച്ചും, നിരാശയിലും തീർക്കാനുള്ളതല്ല. സ്ത്രീകൾ എങ്ങിനെയുമാകട്ടെ, എത്ര പൊസ്സസ്സീവും ആകട്ടെ നിങ്ങൾ നിങ്ങളുടെ ജീവിതത്തിലെ രണ്ടു പ്രധാന സ്ത്രീകളെ കൈകാര്യം ചെയ്യാൻ വൈദഗ്ക്ത്യമുള്ള ഒരു മിടുക്കനായ വ്യക്തിയാണെങ്കിൽ ജീവിതത്തിൽ സമാധാനവും, സന്തോഷവും ഉണ്ടാകും നിശ്ചയം. ഒരു വീട്ടിലെ വിളക്കായ സ്ത്രീ ശോഭിക്കണമെങ്കിൽ നല്ല വിളക്കെണ്ണയായി പുരുഷൻ ഉണ്ടാവണം ഇല്ലെങ്കിൽ വിളക്ക് കരിന്തിരി കത്തുമെന്നത് സുനിശ്ചിതം. ഒരു കുടുംബത്തിൻറ്റെ ഐശ്വര്യം സ്ത്രീയുടെ മാത്രം ചുമതലയല്ല പിന്നെയോ അത് പുരുഷന്റെ കൂടി ചുമതലയാണ്.

കുടുംബത്തിൻറ്റെ കെട്ടുറപ്പിനും, പ്രായോഗികമായ പ്രവർത്തനത്തിനും പുരുഷന്മാരുടെ പങ്ക് ഒരു പണത്തൂക്കം മുമ്പിൽ തന്നെയാണ്. അങ്ങിനെയുള്ള കുടുംബത്തിലാണ് ഐശ്വര്യവും, സമാധാനവും, സന്തുഷ്ടിയും, പരസ്പര സഹകരണവും, ബഹുമാനവും, ഉയർച്ചയും ഉണ്ടാവുകയുള്ളു. അതുകൊണ്ടു തന്നെ ഒരു ഉത്തമ പുരുഷൻ തൻറ്റെ കുടുംബത്തെ സംരക്ഷിക്കുന്ന നെടുംതൂണാണ്. അങ്ങിനെ ആകാൻ ഓരോ പുരുഷനും സാധിക്കട്ടെ.

9656571354
Publish your Ad in
morning news daily
Malayalam News Paper